അഗ്രി എക്സ്പോർട്ട് സോണുകളിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കർഷകർക്ക് സബ്സിഡി

105 [2074] ശ്രീ. ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, അടൂർ പ്രകാശ്:

.. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രി എക്സ്പോർട്ടു സോണുകളിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി കൃഷി നടത്തുന്ന കർഷകർക്ക് എന്തെങ്കിലും സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ വിവിധ കാർഷിക വിളകൾക്ക് എന്തുതുക വീതം സബ്സിഡി നൽകുന്നുണ്ട്;

(സി) ഈ കർഷകർക്ക് ആവശ്യമായ ജൈവവളം നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് ജൈവവളം ലഭിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നീ വിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു കയറ്റുമതി പ്രോൽസാഹിപ്പിക്കുക വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി വാഴയ്ക്ക് ഹെക്ടറിന് 15,000 രൂപയും കൈതച്ചക്കയ്ക്ക് ഹെക്ടറിന് 5,000 രൂപയും പച്ചക്കറിക്ക് ഹെക്ടറിന് 5,000 രൂപയും ധനസഹായം നൽകുന്നു. കൂടാതെ സംയോജിത കീട നിയന്ത്രണത്തിന് ഹെക്ടറിന് 1,200 രൂപയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലിന് ഹെക്ടറിന് 5,000 രൂപയും വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്ക് 10 ഹെക്ടർ വിസ്തീർണ്ണമുള്ള ഒരു യൂണിറ്റിന് 4.5 ലക്ഷം രൂപയും നൽകുന്നു.

(സി) കാർഷിക കയറ്റുമതി മേഖലാ പദ്ധതിയിൽ ജൈവവളം വിതരണം ചെയ്യാനുള്ള ഘടകം പ്രത്യേകമായി നടപ്പിലാക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഭൂവികസന കോർപ്പറേഷന്റെ പ്രവർത്തനം

106 [2075] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവികസന കോർപ്പറേഷൻ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വരുത്തിയ ചെലവെത്രയെന്നും ഓരോ സാമ്പത്തിക വർഷവും നേടിയ ലാഭവും നഷ്ടവും എത്രവീതമാണെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ഏതെല്ലാം ജില്ലകളിലാണ് നടന്നുവന്നതെന്നും ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്രയെന്നും ഉണ്ടാക്കിയ നേട്ടം എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനംമൂലം സംസ്ഥാനത്തെ നെല്ലുൽപ്പാദനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിലായി എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

വർഷം	ചെലവ്	നഷ്ടം
2001-2002	207.66 ലക്ഷം	162.92 ലക്ഷം
2002-2003	152.40 ,,	66.04 ,,
2003-2004	186.61 ,,	24.73 ,,

(2003-2004-ലെ ആഡിറ്റിംഗ് തീരാത്തതിനാൽ പ്രസ്തുത വർഷത്തെ വിവരം പ്രൊവിഷണൽ ആണ്.)

(ബി) തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് കെ. എൽ. ഡി. സി.-യുടെ പ്രവർത്തനങ്ങൾ പ്രധാനമായും നടന്നുവരുന്നത്. ഓരോ ജില്ലയിലേയും പ്രവർത്തികളും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

നമ്പർ	പദ്ധതി	ജില്ല	തുക (ലക്ഷത്തിൽ)	റിമാർക്സ്
(1)	(2)	(3)	(4)	(5)
1.	തൃശ്ശൂർ കോൾ വികസന പദ്ധതിയിൽ (ആർ. ഐ. ഡി. എഫ്.-I) ശേഷിക്കുന്ന പ്രവൃത്തികൾ	തൃശ്ശൂർ	75	ചില കേസ്സുകൾ ഉൾപ്പെടെ 6 പ്രവൃത്തികളുടെ പൂർത്തിയാക്കൽ
2.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട് പടന്ന-ചിറ്റിലപ്പള്ളി, വള്ളിവട്ടം (ആർ. ഐ. ഡി. എഫ്.-VI)	തൃശ്ശൂർ	201.67	പണികൾ എല്ലാം പൂർത്തീകരിച്ചു
3.	ഓണാട്ടുകര വികസന പദ്ധതി ഒന്നാം ഘട്ടം (ആർ. ഐ. ഡി. എഫ്.-VI)	ആലപ്പുഴ	562.10	പണികൾ ധൃതഗതിയിൽ നടന്നു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
4.	ഓണാട്ടുകര വികസന പദ്ധതി രണ്ടാം ഘട്ടം (ആർ. ഐ. ഡി. എഫ്.-VII)	ആലപ്പുഴ	242.50	പണികൾ ധൃതഗതിയിൽ നടന്നു വരുന്നു
5.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട് വയലാർ, എരുവേലി ആന്റ് മുല്ലപ്പള്ളി (ആർ. ഐ. ഡി. എഫ്.-VI)	ആലപ്പുഴ	190.08	പണികൾ ധൃതഗതിയിൽ നടന്നു വരുന്നു
6.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട്, പോളച്ചിറ (ആർ. ഐ. ഡി. എഫ്.-VI)	കൊല്ലം	148.31	പണികൾ പൂർത്തീകരിച്ചു വരുന്നു
7.	8 ഡ്രെയിനേജ്, ഫ്ളെഡ് കൺട്രോൾ ആന്റ് റിക്ലമേഷൻ പ്രോജക്ട്, വടക്കുംപുറം (ആർ. ഐ. ഡി. എഫ്.-VI)	എറണാകുളം	25.97	പണികൾ പൂർത്തിയായി
8.	എം. പി. ലാട്ട്സ്വർക്കുകൾ	തിരുവനന്തപുരം	4.75 കോടി	പണികൾ പൂർത്തീകരിച്ചു വരുന്നു

ആർ. ഐ. ഡി. എഫ്.-VI-ൽ വരുന്ന പണികൾ 2001-2003-ൽ ആരംഭിച്ചു എങ്കിലും ചില പ്രത്യേക കാരണങ്ങളാൽ പൂർത്തീകരിച്ചിട്ടില്ല. 2005 മാർച്ച് വരെ ടി പണികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നബാർഡ് നീട്ടിതന്നിട്ടുണ്ട്. ആർ. ഐ. ഡി. എഫ്.-ൽ 2003-ൽ തുടങ്ങിയ പണികൾ ധൃതഗതിയിൽ നടക്കുകയാണ്. ടി പണികൾ പൂർത്തിയാകാതെ കൃത്യമായ നേട്ടങ്ങൾ കണക്കാക്കാൻ പ്രയാസമാണ്.

(സി) നെൽകൃഷി ഉദ്ദേശിച്ച് തുടങ്ങിയ വികസന പദ്ധതികൾ പൂർണ്ണമാകാത്ത സാഹചര്യത്തിൽ ഉൽപ്പാദന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ പുതിയ തസ്തികകൾ

107 [2076] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്താത്തതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ; ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly